# ശാസ്ത്രവും തത്ത്വചിന്തയും

## വി. വിജയകുമാർ



വസ്തുനിഷ്ഠത എന്ന സങ്കൽപ്പനം പ്രശ്നവൽക്കരിക്കപ്പെടുന്ന ശാസ്ത്രത്തിന്റെ കണ്ടെത്തലുകളെ മാർക്സിസ്റ്റ് വീക്ഷണത്തിൽനിന്നുകൊണ്ട് പരിശോധിക്കുന്ന പുസ്തകം. ദാർശനിക തലത്തിലും പ്രയോഗത്തിലും ആധുനിക ശാസ്ത്രം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും വിശദീകരിക്കുന്നു. ആധുനിക ശാസ്ത്രത്തെ ഒരു സാമൂഹിക, സാംസ്കാരിക നിർമിതിയായി കണ്ടെത്തുകയും ശാസ്ത്രയുക്തിയുടെ സവിശേഷാധികാരങ്ങളെ കടന്നാക്രമിക്കുകയും ചെയ്യുന്ന ഉത്തരാധുനികതയുടെ നിലപാടുകൾ വിശകലനം ചെയ്യുന്നു. ശാസ്ത്രത്തെ പ്രധാന മാനവിക വ്യവഹാരമായി കാണുന്ന ബാഷ്ലാദ്, ബാദിയു, ദെലെസ് തുടങ്ങിയ ചിന്തകരുടെ തത്വചിന്താപരമായ നിലപാടുകൾ വിശദീകരിക്കുന്ന പഠനഗ്രന്ഥം.

വില: ₹ 160/-

SIL - 4560

ISBN 978 81-200-4560-6

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ശാസ്ത്രവും തത്ത്വചിന്തയും

വി. വിജയകുമാർ

# ശാസ്ത്രവും തത്ത്വചിന്തയും



## വി. വിജയകുമാർ

2046

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2046 ............ Call No. ........................

This book should be returned on or before the date last given below.

*Malayalam*
**SASTHRAVUM THATHVACHINTHAYUM**

*By*
**V. Vijayakumar**

First Published : December, 2018

*Typeset at*
Beyond Publishers, Law College Junction,
Kunnukuzhy, Thiruvananthapuram - 35

*Printed at*
Time Offset Printers
Vallakkadavu, Thiruvananthapuram

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages, Kerala,
Thiruvananthapuram, 2018

Copies : 500

SIL/4560 ISBN 978-81- 200-4560-6

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

**Price : Rs. 160/-** FT - 2759

# ശാസ്ത്രവും തത്വചിന്തയും

**വി. വിജയകുമാർ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

## വി. വിജയകുമാർ

1962 ൽ ജനിച്ചു.
അച്ഛൻ: വി. വാസുദേവൻ നായർ.
അമ്മ: പി.എൻ. കമലമ്മ
പാലക്കാട് ഗവ. വിക്ടോറിയ കോളെജിലെ
ഭൗതികശാസ്ത്രം വിഭാഗത്തിൽ അധ്യാപകനാണ്.
സാഹിത്യം, സംസ്കാരം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ
ആനുകാലികങ്ങളിൽ എഴുതാറുണ്ട്.
ക്വാണ്ടം ബലതന്ത്രത്തിലെ ദാർശനികപ്രശ്നങ്ങൾ,
ഉത്തരാധുനികശാസ്ത്രം,
ശാസ്ത്രം, ദർശനം, സംസ്കാരം,
കഥയിലെ പ്രശ്നലോകങ്ങൾ,
ആത്മസമരങ്ങൾ,
എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
വൈജ്ഞാനികസാഹിത്യത്തിനുള്ള
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2007ലെ
എൻ.വി. കൃഷ്ണവാര്യർ സ്മാരക പുരസ്കാരം,
ചലച്ചിത്രലേഖനരചനയ്ക്കുള്ള
2013 ലെ കേരള സർക്കാരിന്റെ ഫിലിം പുരസ്കാരം
എന്നിവയ്ക്ക് അർഹനായിട്ടുണ്ട്.
ഭാര്യ: വിജി, മകൻ: ആശിസ്സ്

വിലാസം: നിരഞ്ജന, മഹാത്മാനഗർ, ഇൻഡസ്ട്രിയൽ
എസ്റ്റേറ്റ്, പാലക്കാട്, 678731. ഫോൺ: 9446152782
E-mail id: vijayakumar.niranjana@gmail.com



| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | സി. അശോകൻ |
| കവർ | : | രാജേഷ്.കെ |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | C. Asokan |
| Cover | : | Rajesh. K |


## ആമുഖം

ശാസ്ത്രത്തിന്റെ അന്വേഷണങ്ങൾ വളരെയേറെ മുന്നേറിയ ഒരു കാലത്താണ് നാം ജീവിക്കുന്നത്. ജീവന്റെ അടിസ്ഥാനഘടകങ്ങളെ വേർതിരിച്ചറിയുന്നതിനും പ്രപഞ്ചത്തിന്റെ സ്വഭാവം വിശദീകരിക്കുന്നതിനും എങ്ങനെ പ്രപഞ്ചമുണ്ടായെന്നും അതെങ്ങനെ വികസിച്ചുവെന്നും അതു മനസ്സിലാക്കുന്നതിലും ശാസ്ത്രം ഏറെ മുന്നേറിയിട്ടുണ്ട്. ശാസ്ത്രത്തിന്റെ നിരീക്ഷണപരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ മുന്നേറ്റം നമ്മുടെ അറിവിന്റെയും വിചിന്തനരീതിയുടെയും കാര്യത്തിൽ വലിയ മാറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. സാമാന്യയുക്തിയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന ധാരണകൾ ദൈനംദിനജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമാണെങ്കിലും നമ്മുടെ ലോകത്തെയും ജീവിതത്തെയും ആഴത്തിലും പരപ്പിലും മനസ്സിലാക്കുന്നതിന് പര്യാപ്തമല്ല എന്ന് നമുക്ക് ബോധ്യമാകുന്നുണ്ട്. ശാസ്ത്രത്തിന്റെ സ്വാധീനം കൂടുതലായി വരുമ്പോൾത്തന്നെ ശാസ്ത്രവിരുദ്ധമായ നിലപാടുകളും ആളുകൾ സ്വീകരിക്കുന്നതിനു കാരണമാകുന്നത് ശാസ്ത്രത്തിന്റെ അത്ഭുതാവഹമായ കണ്ടെത്തലുകൾ തന്നെയാണ്. ഇതൊന്നും അറിയാതെ നമ്മുടെ ലളിതധാരണകളെ മുറുകെപ്പിടിച്ചു ജീവിക്കുന്നതാണ് നല്ലതെന്ന് പലർക്കും തോന്നുന്നതും സങ്കീർണമായ വാസ്താവികതയെ അഭിമുഖീകരിക്കുന്നതിനുള്ള മടികൊണ്ടാണ്.

ശാസ്ത്രബാഹ്യമായ ലോകം അല്ലെങ്കിൽ വസ്തുനിഷ്ഠമായ ലോകം നിരീക്ഷകനിൽ നിന്നും സ്വതന്ത്രമായി നിലനിൽക്കുന്നുണ്ട് എന്ന ധാരണയാണ് ശാസ്ത്രത്തിന്റെ നിരീക്ഷണപരീക്ഷണങ്ങളുടെ അടിസ്ഥാനമായി സ്വീകരിച്ചുവന്നത്. നമ്മുടെ നോട്ടത്തിൽ തെളിയുന്ന ലോകം നാമില്ലെങ്കിലും അവിടെയുണ്ടാകും. എന്നുപറഞ്ഞാൽ നിരീക്ഷകരുടെ അഭാവത്തിലും ലോകം നിലനിൽക്കും. വസ്തുനിഷ്ഠമായ ലോകം ഉണ്ടെന്നും അതിനെ അറിയുകയും വേണ്ടിവന്നാൽ മാറ്റിത്തീർക്കുകയും ചെയ്യാമെന്നുമുള്ള ധാരണയാണ് ശാസ്ത്രത്തിന്റെ അടിസ്ഥാനമായി കരുതപ്പെട്ടത്. എന്നാൽ ക്വാണ്ടം ഭൗതികത്തിന്റെ വളർച്ചയും ആപേക്ഷിക

സിദ്ധാന്തത്തിന്റെ ആവിർഭാവവും ശാസ്ത്രത്തിന്റെ അടിസ്ഥാനമായ വസ്തുനിഷ്ഠതയെത്തന്നെ പ്രശ്നവൽക്കരിക്കുകയാണുണ്ടായത്. ഭൗതിക ശാസ്ത്രത്തിന്റെ വളർച്ച യാഥാർഥ്യത്തെ സംബന്ധിച്ച പഴയ കാഴ്ചപ്പാടുകളെ റദ്ദുചെയ്യുകയും പുതിയ വീക്ഷണത്തിന്റെ ആവശ്യകതയ്ക്ക് അടിവരയിടുകയും ചെയ്യുന്നു.

തത്വചിന്തയിലെ അടിസ്ഥാന ധാരണകളെ പുതുക്കിക്കൊണ്ടാണ് പുതിയകാലത്തെ പ്രശ്നങ്ങളെ തത്വചിന്തകർ സമീപിക്കുന്നത്. ആശയവാദപരമായ നിലപാടുകൾ അനുസരിച്ച് വസ്തുനിഷ്ഠമായ ലോകം എന്നത് നമ്മുടെ മനസ്സിന്റെ അല്ലെങ്കിൽ ചിന്തയുടെ പ്രതിഫലനമോ പ്രതിനിധാനമോ ആയി നിലകൊള്ളുന്നതാണ്. ഇതാണ് ആത്മനിഷ്ഠ ആശയവാദത്തിന്റെ നിലപാട്. വസ്തുനിഷ്ഠ ലോകം എന്നത് ആശയത്തിന്റെ അല്ലെങ്കിൽ ചൈതന്യത്തിന്റെ പ്രത്യക്ഷീകരണമാണ് എന്നതാണ് വസ്തുനിഷ്ഠ ആശയവാദത്തിന്റെ നിലപാട്. ഇവ രണ്ടിനെയും ഒരുപോലെ നിഷേധിച്ചുകൊണ്ടാണ് ഭൗതികവാദവും വൈരുധ്യാധിഷ്ഠിത ഭൗതികവാദവും രൂപപ്പെട്ടത്. വസ്തുനിഷ്ഠലോകത്തിന്റെ സ്വാധീനം മൂലമാണ് നമ്മുടെ പ്രജ്ഞയിൽ ആശയങ്ങളും ധാരണകളും രൂപപ്പെടുന്നതെന്ന ദാർശനികനിലപാട് ഭൗതികവാദത്തിന്റെ ഉൽപ്പന്നമാണ്. വൈരുധ്യാധിഷ്ഠിതരീതി അനുസരിച്ച് ഈ ആശയങ്ങളുടെയും മൂല്യങ്ങളുടെയും മേഖലകളും വസ്തുനിഷ്ഠലോകവും പരസ്പരം സ്വാധീനിക്കുമെങ്കിലും ആത്യന്തികമായി വസ്തുനിഷ്ഠലോകമാണ് നമ്മുടെ ബോധത്തെ നിർണയിക്കുന്നത്. എന്നാൽ, വിപരീതദ്വന്ദത്തെ അല്ലെങ്കിൽ ബൈനറി ഓപ്പോസിറ്റുകളെ ആധാരമാക്കി വികസിച്ചുവന്ന വിചിന്തനരീതിയെ തന്നെ വെല്ലുവിളിക്കുന്നതാണ് ഭൗതികശാസ്ത്രത്തിലെ പുതിയ കണ്ടെത്തലുകൾ. ഈ കണ്ടെത്തലുകൾ തത്വചിന്തകരെ തങ്ങളുടെ ദാർശനികനിലപാടുകൾ പുനപ്പരിശോധിക്കുന്നതിനും പുതിയ പ്രശ്നപരിസരത്തെ അഭിസംബോധന ചെയ്യുവാനും നിർബന്ധിതരാക്കി. ക്രിസ്റ്റഫർ കോഡ്വെല്ലും അലൻ ബാദിയൂവും ഴീൽ ദെലെസും ഗാസ്റ്റോങ് ബാഷ്ലാദും ഒക്കെ ഭൗതികത്തിലെ പുതിയ കണ്ടെത്തലുകളെ ദാർശനിക തലത്തിൽ അഭിസംബോധന ചെയ്യുകയുണ്ടായി.

'ശാസ്ത്രവും തത്വചിന്തയും' എന്ന കൃതിയിലൂടെ സാഹിത്യ നിരൂപകനും ശാസ്ത്രചിന്തകനുമായ വി. വിജയകുമാർ ഭൗതിക ശാസ്ത്രത്തിലെ പുതിയ കണ്ടെത്തലുകൾ വസ്തുനിഷ്ഠത എന്ന സങ്കൽപ്പനത്തിൽ എങ്ങനെ വിള്ളലുകൾ സൃഷ്ടിച്ചുവെന്നും ശാസ്ത്രചിന്തകരും തത്വചിന്തകരും ഈ പ്രമേയത്തെ എങ്ങനെയൊക്കെ അഭിസംബോധന ചെയ്തുവെന്നും വിശദീകരിക്കുന്നു. ഭൗതിക ശാസ്ത്രത്തിലെ പുതിയ കണ്ടെത്തലുകളെ ഉപയോഗിച്ചുകൊണ്ട് ഉത്തരാധുനിക ചിന്തകർ 'യാഥാർഥ്യം' എന്നത് ഒരു നിർമിതിയായി കണ്ടെത്തിക്കൊണ്ട് ആശയ



വാദപരമായ നിലപാടുകളാണ് വികസിപ്പിക്കുന്നത്. എന്തും ശരിയാണ് എന്ന നിലയിൽ വാസ്തവികതയെ തന്നെ തള്ളിക്കളയുന്ന ഉത്തരാധുനികരിൽ ചിലരുടെ നിലപാടുകൾ ഫാഷിസ്റ്റ്ദർശനത്തിനും പ്രയോഗത്തിനും അനുഗുണമായി മാറിയത് നാമിപ്പോൾ കാണുന്നുണ്ട്. ശാസ്ത്രീയ യുക്തിയെ തന്നെ തള്ളിക്കളഞ്ഞുകൊണ്ട് അന്ധവിശ്വാസങ്ങളെയും അയുക്തികതയെയും പ്രചരിപ്പിച്ചുകൊണ്ടാണ് ഇന്ത്യയിൽ വലതുപക്ഷ രാഷ്ട്രീയക്കാർ തങ്ങളുടെ നിലപാടുകൾക്ക് നിയമസാധുത നേടിയെടുക്കുവാൻ ശ്രമിച്ചുവരുന്നത്. ഉത്തരാധുനികചിന്തകരുടെ നിലപാടുകളെ വിമർശനാത്മകമായി പരിശോധിക്കുവാനും അവയുടെ ദൗർബല്യങ്ങളെ വെളിച്ചത്തുകൊണ്ടുവരുവാനും വിജയകുമാറിന് കഴിഞ്ഞിട്ടുണ്ട്. മാർക്സിസത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ടാണ് വിജയകുമാർ വിശകലനം നടത്തുന്നത്. ശാസ്ത്രത്തിന്റെ പുതിയ കണ്ടെത്തലുകളെ മാർക്സിറ്റ് ചിന്ത അഭിമുഖീകരിക്കുന്നത് എങ്ങനെയെന്നും വിജയകുമാർ വ്യക്തമാക്കുന്നു. ശാസ്ത്രത്തെ പ്രധാന മാനവിക വ്യവഹാരമായി കാണുന്ന ചിന്തകരുടെ ആശയങ്ങളെ വിശദീകരിച്ചും വിശകലനം ചെയ്തുഭകൊണ്ടുമാണ് ശാസ്ത്രവും തത്വചിന്തയും പരസ്പരം ഇടപഴകുന്നതും സ്വാധീനിക്കുകയും ചെയ്യുന്നത് എങ്ങനെയെന്ന് വിജയകുമാർ വ്യക്തമാക്കുന്നത്. സങ്കീർണമായ വിഷയങ്ങളെ യുക്തിഭദ്രവും വ്യക്തവുമായി പ്രതിപാദിക്കുവാനുള്ള ശ്രമമാണ് ഈ ഗ്രന്ഥത്തിന്റെ പ്രത്യേകത. പുതിയ കാലത്തിന്റെ ശാസ്ത്രവും തത്വചിന്തയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും നമ്മുടെ ധാരണകളെ നവീകരിക്കുന്നതിനും ഉതകുന്ന ആശയങ്ങളാൽ സമ്പന്നമായ 'ശാസ്ത്രവും തത്വചിന്തയും' എന്ന പുസ്തകം വായനക്കാരുടെ പ്രതികരണങ്ങൾ സ്വാഗതം ചെയ്തുകൊണ്ട് ഞങ്ങൾ അവതരിപ്പിക്കുന്നു.

തിരുവനന്തപുരം<br>20.12.2018

**പ്രൊഫ. വി. കാർത്തികേയൻ നായർ**<br>**സി. അശോകൻ**

പുസ്തകത്തിന്റെ എഴുത്തു തുടങ്ങിയ ശേഷം കാണുന്ന സന്ദർഭങ്ങളിലൊക്കെ ഇതിന്റെ ഗതി അന്വേഷിച്ചിരുന്ന സുനിൽ പി ഇളയിടത്തേയും ഇതോടൊപ്പം ഓർക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനികമാസികയുടെ എഡിറ്ററായ സുഹൃത്ത് സി. അശോകന്റെ സ്നേഹപൂർവമായ നിർബന്ധങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇത് ഇത്ര വേഗം പൂർണമാകുമായിരുന്നില്ല. സി. അശോകൻ, ഇത്തരം കാര്യങ്ങളിൽ സർവാത്മനാ പിന്തുണ നൽകുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായർ എന്നിവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ പുസ്തകം സമർപ്പിക്കുന്നത് എന്റെ സുഹൃത്തുക്കൾക്കാണ്. എന്റെ ധിഷണയെ വ്യത്യസ്ത രീതികളിൽ പ്രചോദിപ്പിച്ച രണ്ടു പേരെ പ്രത്യേകം എടുത്തു പറയണം. ഒരാൾ, ജേക്കബ് അഗസ്റ്റിൻ. പ്രീഡിഗ്രി ക്ലാസിലെ എന്റെ സഹപാഠിയായിരുന്നു. ഇപ്പോൾ കാണുകയോ സംസാരിക്കുകയോ ചെയ്തിട്ട് 35 വർഷത്തോളമായിരിക്കുന്നു. അടുത്തയാൾ ദീർഘകാലമായി ജനകീയകലാസാഹിത്യവേദിയുടെ സെക്രട്ടറിയായിരിക്കുന്ന പി.കെ. വേണുഗോപാലനാണ്. എന്നെ പ്രചോദിപ്പിച്ച എല്ലാ സൗഹൃദങ്ങൾക്കും ഈ പുസ്തകം സമർപ്പിക്കുന്നു.

**വി.വിജയകുമാർ**

# ഉള്ളടക്കം


| | | |
|---|---|---|
| 1. | പ്രശ്നഭൂമികയിലേക്ക് ഒരു പ്രവേശിക | 1 |
| 2. | യാഥാർഥ്യത്തിലേക്കു ചൂണ്ടുന്ന ദിശാസൂചികൾ | 22 |
| 3. | പഴയ കഥയുടെ പുനരാഖ്യാനം | 39 |
| 4 | ഹുസേൾ: യൂറോപ്യൻശാസ്ത്രങ്ങളുടെ വിമർശം | 61 |
| 5. | ശാസ്ത്രവും മാർക്സിസവും | 75 |
| 6. | ആശയപ്രരൂപങ്ങൾ മാറുമ്പോൾ | 101 |
| 7. | ശാസ്ത്രവും പ്രാന്തങ്ങളിലെ പാതിലോകവും | 120 |
| 8 | ശാസ്ത്രത്തിന്റെ സ്വപ്നം, ബാഷ്ലാദിന്റെ സ്വപ്നം | 143 |
| 9 | ഭൗതികത്തിന് ഒരു അതിഭൗതികം | 166 |
| 10. | ശാസ്ത്രവും തത്വചിന്തയും : ശാസ്ത്രം അതിന്റെ വസ്തുവിനെ നിർമിക്കുന്നു. | 191 |

**അനുബന്ധം:**

| | | |
|---|---|---|
| 1. | പ്രകൃതി അനിർണീതമാകുമ്പോൾ | 218 |
| 2. | അപൂർണമായ ഗണിതശാസ്ത്രം | 241 |